# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 583

12.06.2012-ൽ
മറുപടിക്ക്.

## എമർജിംഗ് കേരള -വ്യവസായ പ്രമുഖരുമായുള്ള ചർച്ച

ചോദ്യം

ശ്രീ. എ.കെ.ബാലൻ
ശ്രീ. എളമരം കരീം
ശ്രീ. എം.ഹംസ
ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി)

(എ) '' എമർജിംഗ് കേരള''യുമായി ബന്ധപ്പെട്ട് മുംബൈയിൽ കഴിഞ്ഞ മാസം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഇന്ത്യയിലെ ചില വ്യവസായ പ്രമുഖരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചയിൽ വ്യവസായികൾ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി എന്നും ഏതെല്ലാം വ്യവസായികൾ സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(എ) &(ബി) ഉണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച ''എമർജിംഗ് കേരള '' എന്ന ദിവൽസര ആഗോള സംഗമ പദ്ധതിയുമായി ബന്ധപ്പെട്ട് മെയ് 15 ന് മുംബൈയിൽ വച്ച് ഒരു ബിസിനസ്സ് മീറ്റ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ പ്രമുഖരുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഈ മീറ്റിലൂടെ വ്യവസായ സമൂഹത്തിന്റെ പ്രത്യേക താൽപര്യം സൃഷ്ടിക്കാൻ സാധിക്കുകയും അതിലൂടെ എമർജിംഗ് കേരള 2012 ൽ പങ്കെടുക്കുന്നതിലേയ്ക്കു വേണ്ടിയുള്ള ധാരാളം രജിസ്ട്രേഷനുകൾ ലഭിക്കുകയും ചെയ്തു. വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, ജലലഭ്യത, തടസ്സമില്ലാത്ത വൈദ്യുതി എന്നിവയാണ് പ്രധാനമായും നിക്ഷേപകർ മുന്നോട്ടുവെച്ച ആവശ്യങ്ങൾ പുതിയ നിക്ഷേപക സാധ്യതകളെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരികയാണ്.

(സി) കൊച്ചിയിൽ നടത്താൻ ഉദ്ദേശിക്കുന്ന എമർജിംഗ് കേരള രാജ്യാന്തര നിക്ഷേപകസംഗമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾഎന്തൊക്കെയാണെന്നും മുംബൈയിലെകൂടിക്കാഴ്ച ആയതിന് എത്രത്തോളം സഹായകരമായിരുന്നുവെന്നും രാജ്യാന്തര നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ എന്നും വിശദമാക്കുമോ.?

(സി) സംസ്ഥാനത്തിന്റെ അനുകൂല സാഹചര്യങ്ങൾക്ക് അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടുന്നതിനും ഇവിടേയ്ക്ക് നിക്ഷേപകരേയും മറ്റുള്ളവരെയും ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു നിക്ഷേപക സൗഹൃദമാക്കി മാറ്റുവാനും വേണ്ടിയാണ് സംസ്ഥാന സർക്കാർ 'എമർജിംഗ് കേരള 'സംഘടിപ്പിയ്ക്കുന്നത്.

മുംബൈയിലും ഡൽഹിയിലും നടന്ന ബിസിനസ് മീറ്റിന്റെ ഫലമായി ചില സ്ഥാപനങ്ങൾ കേരളത്തിൽ വ്യവസായ നിക്ഷേപം നടത്തുന്നതിനായി താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിവിധ വകുപ്പുകൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ